بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 03/07/2015

## (16 RAMADAN 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

## റമദാൻ മുബാറക്ക് !

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം പറഞ്ഞു.

### പ്രാർത്ഥനയുടെ പ്രാധാന്യം :–

പ്രാർത്ഥന ഒരു ആരാധനാ പ്രവർത്തിയാകുന്നു. ഈ ലോകത്തിൽ, ഒരു വിശ്വാസിയുടെ, ഏറ്റവും പ്രധാനപ്പെട്ടതും ശക്തിയേറിയതുമായ ആയുധമാണത്. ഏത് രീതിയിലുള്ള തെറ്റിൽ നിന്നും അവനെ സംരക്ഷിച്ചു നിർത്തുവാൻ ദു ആ യ്ക്ക് കഴിയുന്നതാണ്. അല്ലാഹുവിന്റെ സാമീപ്യവും സഹായവും ലഭിക്കാതെയായാൽ, താനൊരു നിസ്സാരനും, ദുർബലനും, വികാരങ്ങൾക്ക് അടിമപ്പെട്ടവനുമാണ് എന്നവൻ മനസ്സിലാക്കുന്നു. അല്ലാഹു ഇല്ലാതെ, താനൊന്നുമല്ല, എന്ന് ഒരു വിശ്വാസി അറിയുന്നു. ഏതു ദിശയിൽ നിന്നും എവിടെ നിന്നും സമാധാനം കരഗതമാകാൻ, താൻ ആത്മീയായുധ ധാരിയാകേണ്ടതുണ്ട് എന്ന് മനസ്സിലാക്കുകയും, അതിലൂടെ  മാത്രമേ ലോക രക്ഷിതാവുമായി ബന്ധം സ്ഥാപിക്കുവാൻ കഴിയുകയുള്ളൂവെന്നും മാനവകുലത്തിന്റെ സർവ്വ സംരക്ഷകൻ അവൻ മാത്രമാണെന്നും അവനറിയുന്നു. അങ്ങനെ തന്റെ നിത്യജീവിതത്തിൽ പ്രാർത്ഥനയെ ഉപയോഗപ്പെടുത്തുകയും, അത് അവനിൽ ആത്മവിശ്വാസവും സ്വാധീനവും ചെലുത്തുകയും ചെയ്യുന്നു. പരിശുദ്ധമായ റമദാൻ മാസത്തിന്റെ അനുഗ്രഹീതദിനങ്ങളിലൂടെയാണ് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്, ദു ആ നമുക്ക് വളരെയധികം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നമാസമാണിത്. നാം മുസ്ലീംകൾ ഈ ആത്മീയായുധം പ്രയോജനപ്പെടുത്തേണ്ടതാണ്. സമാധാനത്തിനുള്ള വഴിയായും, സന്തോഷവും, ബഹുമതിയും ആർജ്ജിക്കുവാനുള്ള വീഥികളായും നാം ഇതിനെ മനസ്സിലാക്കുകയും തദ്വാരാ പ്രാർത്ഥനയിലൂടെയും കേണപേക്ഷയിലൂടെയും അന്വേഷിക്കുന്നവർക്ക് അല്ലാഹു (ത) അത് പ്രദാനം ചെയ്യുന്നതുമാണ്.

റമദാൻ വ്രതം നിർബന്ധമാക്കിയതിനെതുടർന്ന് വരുന്ന വചനത്തിൽ അല്ലാഹു (ത) പറയുന്നു. **“ എന്നെ സംബന്ധിച്ച് എന്റെ ദാസൻമാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ഞാൻ ഉത്തരം നൽകും. അവൻ എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ. അതുകൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനുവേണ്ടി”** (2:187)

വിശുദ്ധ ഖുർ ആനിൽ ഈ വചനം സ്ഥലം പിടിച്ചിരിക്കുന്ന സ്ഥലത്തെക്കുറിച്ച് ചിന്തിച്ചാൽ നമുക്ക് മനസ്സിലാകും ഈ വചനം സ്ഥലം പിടിച്ചിരിക്കുന്നത് വ്രതാനുഷ്ഠാനവുമായി ബന്ധപ്പെട്ട വചനങ്ങൾക്കിടയിലാണെന്ന് വ്രതാനുഷ്ഠാന സമയത്ത് പ്രാർത്ഥനയുടെ പ്രാധാന്യം മനസ്സിലാക്കുവാൻ ഇതുമാത്രം മതിയാകുന്നതാണ്. ഇസ്ലാമിൽ വ്രതാനുഷ്ഠാനത്തിന് വളരെ വലിയ സ്ഥാനമാണുള്ളത്.

**പ്രവാചകൻ (സ) പറഞ്ഞതായി അബൂസൈദ് (റ) റിപ്പോർട്ട് ചെയ്യുന്നു." ദു ആയിലൂടെ ഒരു മുസ്ലീം അല്ലാഹുവിനോട് കേണപേക്ഷിച്ചാൽ, അവൻ പാപിയോ രക്ത ബന്ധം മുറിച്ചവനോ ആകട്ടെ, അല്ലാഹു (ത) മൂന്ന് കാര്യങ്ങളിൽ ഒന്ന് അവന് നൽകാതിരിക്കുകയില്ല. അവന്റെ കേണപേക്ഷയ്ക്ക് പെട്ടെന്ന് ഉത്തരം നൽകാം; ചിലപ്പോൾ ഉത്തരം പാരത്രിക ജീവിതത്തിലേക്ക് മാറ്റിവയ്ക്കാം; അതുമല്ലെങ്കിൽ അവനിലുള്ള തത്തുല്ല്യമായ തെറ്റ് അകറ്റികളയാം. അവർ (അനുചരന്മാർ) പറഞ്ഞു. "ഇതിനേക്കാൾ (ദുആയേക്കാൾ) ഞങ്ങൾ എന്ത് പ്രാർത്ഥിക്കാനാണ് ? " പ്രവാചകൻ (സ) പറഞ്ഞു അല്ലാഹുവിന്റെ പക്കൽ ഇതിലും കൂടുതലുണ്ട്."** (അഹ്മദ്) ഒരു വിശ്വാസി അല്ലാഹുവിനോട് പ്രാർത്ഥിച്ചാൽ, നിശ്ചയമായും അവന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നതാണ്, എന്ന് ഈ പ്രവാചക വചനം നമ്മെ പഠിപ്പിക്കുന്നു. ഒന്നുകിൽ പെട്ടെന്ന്, അല്ലെങ്കിൽ പരലോകത്ത്, അതുമല്ലെങ്കിൽ തെറ്റിൽ നിന്നും അവനെ ദൂരപ്പെടുത്തുന്നു. റമദാന്റെ ആഗമനത്തോടെ, നാം മനസ്സിലാക്കണം, നമ്മുടെ സ്വന്തം താൽപ്പര്യ പ്രകാരമായിരിക്കണം അല്ലാഹുവിനോട് ചോദിക്കേണ്ടത്. അഥവാ കേണപേക്ഷിക്കേണ്ടത്. കാരണം ദു ആ തിന്മയിൽ നിന്നും നമ്മെ സംരക്ഷിക്കുന്നതാണ്. ഇത് നന്മ വർദ്ധിപ്പിക്കുന്നതുമാണ്. പരലോക ജീവിതത്തിന് ഒരു മുതൽക്കൂട്ടുമാണ്.

ഇതിന്റെ വെളിച്ചത്തിൽ നാം നമ്മുടെ കൂടുതൽ സമയം പ്രാർത്ഥനയ്ക്കായി മാറ്റി വയ്ക്കേണ്ടതാണ്. ഈ സത്യത്തിലേക്ക് വെളിച്ചം വീശുന്ന അനേകം പ്രവാചക വചനങ്ങളുണ്ട്. അതിൽപ്പെട്ടതാണ് അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. **"മൂന്നു തരം ആളുകളുടെ പ്രാർത്ഥനകൾ തിരസ്ക്കരിക്കപ്പെടുകയില്ല. വ്രതാനുഷ്ഠാനക്കാരന്റെയും, നീതിമാനായ ഭരണകർത്താവിന്റെയും, പീഢിപ്പിക്കപ്പെടുന്നവന്റെയും." (തിർമിതി)**

പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്ന അനേകം പ്രത്യേക സന്ദർഭങ്ങളുണ്ട്. **" ബാങ്കിനും ഇക്കാമത്തിനും ഇടയിലുള്ള സമയം, നാം പരിപൂർണ്ണമായും അല്ലാഹുവിന് കീഴടങ്ങുന്നതായ സുജൂദിന്റെ സമയം; നിർബന്ധ പ്രാർത്ഥനകളുടെ അവസാനം, (വേണ്ടവർക്ക് അത്തരം പ്രാർത്ഥനകൾ നടത്താവുന്നതാണ്. ; ദൈവ സ്മരണയിൽ ആഴ്ന്നിറങ്ങി, തങ്ങളുടെ ആരാധനാ പ്രവർത്തിയിൽ, കൂട്ടി ചേർക്കാവുന്നതാണ്.) രാവിന്റെ അവസാനയാമത്തിൽ, (അതായത് തഹജ്ജുദ് നിസ്കാരത്തിലും, ദിക്റുല്ലാഹ്‌യിലും, ദു ആയിലും), വെള്ളിയാഴ്ച ദിവസങ്ങളിൽ, സായാഹ്നത്തിൽ വ്രതാനുഷ്ഠാനം അവസാനിപ്പിക്കുന്നതിനും തൊട്ടുമുമ്പ്, (മഗ്‌രിബ് നമസ്ക്കാരത്തിന് മുൻപ്) റമദാനിലോ അല്ലാത്ത മാസങ്ങളിലോ വ്രതാനുഷ്ഠാനം നടത്തുന്ന മുഴു ദിവസങ്ങളിലും, അല്ലാഹുവിനെ പ്രതിഫലമായി ലഭിക്കണമെന്നുള്ള നിയ്യത്തോടെ ! "**

അബ്ദുല്ലാഹ് ഇബ്ന് അംറുബ്നുൽ ആസ് (റ) റിപ്പോർട്ട് ചെയ്യുന്നു. മുഹമ്മദ് (സ) പറഞ്ഞു. **"വ്രതാനുഷ്ഠാനക്കാരൻ, വ്രതാനുഷ്ഠാനം അവസാനിപ്പിക്കുമ്പോൾ, ചെയ്യുന്ന പ്രാർത്ഥന തിരസ്ക്കരിക്കപ്പെടുകയില്ല." (ഇബ്നുമാജ)**

റമദാനിലെ അവസാനത്തെ 10 ദിവസങ്ങളെ നാം സമീപിക്കുമ്പോൾ, ആ ദിവസങ്ങളിൽ എല്ലാ മുസ്ലീങ്ങൾക്കും നിർബന്ധമാണ്; ഇഅ്തിക്കാഫ് ഇരിക്കുവാൻ ആഗ്രഹിക്കുന്നവർക്കും നിർബന്ധമാണ്, ദു ആയിൽ ആഴ്ന്നിറങ്ങൽ, അത് നിർബന്ധ നമസ്ക്കാരങ്ങളിലായാലും ശരി, സുന്നത്ത് നമസ്ക്കാരങ്ങളിലായാലും ശരി, മറ്റ് നഫ്ൽ നമസ്ക്കാരങ്ങളിലായാലും ശരി !

**ഇഅ്തിക്കാഫ് :** റമദാൻ വളരെ ശ്രേഷ്ഠതയുള്ള ഒരു മാസമാണ്. കാരണം അതിൽ അല്ലാഹു നമ്മുടെ പ്രതിഫലങ്ങൾ പലമടങ്ങ് വർദ്ധിപ്പിക്കുന്നതാണ്; അതുപോലെ നന്മയുടെ വാതിലുകൾ തുറക്കപ്പെടുന്നതുമാണ്. കാരുണ്യം, മാപ്പ്, നരകത്തിൽ നിന്നുള്ള മോചനം ഇവകളാൽ ചുറ്റപ്പെട്ടമാസമാണിത്. ഈ മാസവുമായി ബന്ധപ്പെട്ട വളരെ പ്രാധാന്യമുള്ള ഒരു ആരാധനാ പ്രവർത്തിയാണ് ഇഅ്തിക്കാഫ്.

**ഇഅ്തിക്കാഫ് എന്നാലെന്ത് ?**

പുറംലോകവുമായുള്ള ബന്ധങ്ങളൊക്കെ അവസാനിപ്പിച്ച് ഒരു പ്രത്യേക സ്ഥലത്ത് ഒതുങ്ങി കഴിയുക, പരിപൂർണ്ണമായും ദൈവ സ്മരണയിൽ മാത്രം വ്യാപരിക്കുക. ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്യുന്നു. വിശുദ്ധ പ്രവാചകൻ (സ) റമദാനിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ ഇഅ്തിക്കാഫ് ഇരുന്നിരുന്നു. വിശുദ്ധ പ്രവാചകന്റെ വഫാത്തിന് ശേഷം അദ്ദേഹത്തിന്റെ പത്നിമാർ ഇഅ്തിക്കാഫ് ഇരുന്നിരുന്നു. ഇഅ്തിക്കാഫ് വളരെ നന്മ നിറഞ്ഞ ഒരു പ്രവർത്തിയാണ്, റമദാനിലെ അവസാനത്തെ പത്ത് ദിവസങ്ങളിൽ ഇഅ്തിക്കാഫ് ഇരിക്കുവാൻ മുസ്ലീംങ്ങളെ പ്രേരിപ്പിക്കേണ്ടതാണ്.

**ഇഅ്തിക്കാഫിന്റെ ഇനങ്ങൾ**

മൂന്നു തരം ഇഅ്തിക്കാഫുകളുണ്ട്.

**1. വാജിബ് :-** നിർബന്ധമായത് ഇതിനുദാഹരണം ഒരു വ്യക്തി നിയ്യത്ത് ചെയ്യുന്നു. അതായത് അല്ലാഹുവേ ! നീ എന്റെ ഇന്നകാര്യം പൂർത്തിയാക്കി തന്നാൽ, ഇൻശാ അല്ലാഹ് ഞാൻ ഇഅ്തിക്കാഫ് ഇരുന്നുകൊള്ളാം. അപ്രകാരം ആ ആവശ്യം അല്ലാഹു നിറവേറ്റി കൊടുത്താൽ ഇഅ്തിക്കാഫ് ഇരിക്കൽ നിർബന്ധമാണ്.

**2. സുന്നത്ത് :- പ്രവാചകചര്യ:-** പ്രവാചക പ്രഭു മുഹമ്മദ് (സ) റമദാന്റെ അവസാന പത്ത് ദിനങ്ങളിൽ ഇഅ്തിക്കാഫ് ഇരുന്നിട്ടുണ്ട്. അതിനെ മാതൃകയാക്കി നാമും അപ്രകാരം ചെയ്യേണ്ടതാണ്.

**3. നഫ്ൽ:- സ്വമേധയ ചെയ്യുന്ന സൽപ്രവർത്തി :-** ഇത്തരം ഇഅ്തിക്കാഫിന് നിശ്ചത ദിവസങ്ങളോ നിശ്ചത സമയങ്ങളോ ഇല്ല. ഒരു വ്യക്തിക്ക് ഇത്തരം ഇഅ്തിക്കാഫ് ഏത് സമയത്തും ചെയ്യാവുന്നതാണ്. ഫർസ് നമസ്ക്കാരത്തിന് വേണ്ടി വരുന്ന സമയത്തും, അതിനായി കാത്തിരിക്കുന്ന സമയത്തും ഇത് ചെയ്യാവുന്നതാണ്.

**ഇതിന് രക്ഷകർത്താവിന്റെ അനുവാദം ആവശ്യമുണ്ടോ ?**

ഒരു സ്ത്രീ ഇഅ്തിക്കാഫ് ഇരിക്കുന്നുവെങ്കിൽ, അവൾ, അവളുടെ ഭർത്താവിന്റെ അനുവാദം അവശ്യം വാങ്ങേണ്ടതാണ്. ഭർത്താവിന്റെ അനുവാദമില്ലാതെ ഭാര്യ ഇഅ്തിക്കാഫ് ഇരിക്കൽ ശരിയായ നടപടിയല്ല.

**ഇഅ്തിക്കാഫ് എപ്പോൾ ആരംഭിക്കുന്നു ? അതിന് നിയ്യത്ത് ആവശ്യമുണ്ടോ ?**

ഇഅ്തിക്കാഫ് റമദാൻ 20 ന്, സൂര്യാസ്തമയത്തോടെ ആരംഭിക്കുന്നു. പെരുനാളിനായി ചന്ദ്രക്കല ദൃശ്യമാകുന്നതോടെ അവസാനിക്കുന്നു. ഇഅ്തിക്കാഫ് ആരംഭിക്കുന്നതിനുമുമ്പ് നിയ്യത്ത് എടുക്കേണ്ടതാണ്.

**ഇഅ്തിക്കാഫിൽ എന്താണ് ചെയ്യേണ്ടത് ?**

ഇഅ്തിക്കാഫ് സമയത്ത്, ഖുർ ആൻ പാരായണം ചെയ്യുക, അല്ലാഹുവിന്റെ സ്മരണകൾ അയവിറക്കുക. നഫ്ൽ നമസ്ക്കാരങ്ങൾ അനുഷ്ഠിക്കുക. അല്ലാഹുവിനെ സന്തോഷിപ്പിക്കുന്ന മറ്റ് എന്ത് പ്രവർത്തിയുമാകാം; അതായത് നമ്മുടെ ആത്മാവിന് നന്മ വരുത്തുന്ന നല്ല പ്രവർത്തികളെന്തും !

**ഇഅ്തിക്കാഫിന്റെ ലക്ഷ്യം:-**

ഇഅ്തിക്കാഫിന്റെ ലക്ഷ്യം ഒരുപമയിലൂടെ വ്യക്തമാക്കാം. ഒരാൾ നമ്മുടെ വീട്ടുവാതിലിൽ യാചിക്കുവാൻ വന്നു. നമ്മൾ അയാൾക്ക് ഒന്നും കൊടുക്കുവാൻ തയ്യാറാകാതെ അയാളെ ഒഴിവാക്കുവാൻ ശ്രമിക്കുന്നു. എന്നാൽ അയാൾ തന്റെ ആവശ്യം പൂർത്തിയാകാതെ അവിടെനിന്ന് പോകുവാൻ തയ്യാറാകുന്നില്ല. യാചിച്ചു നിൽക്കുന്നു. എത്ര കഠിനഹൃദയനാണെങ്കിലും, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവന്റെ ആവശ്യം നിറവേറ്റുവാൻ ഒടുവിൽ അയാൾ തയ്യാറാകുന്നു. ഇതുപോലെ ഒരാൾ ഇഅ്തിക്കാഫിലായിരിക്കുമ്പോൾ, അയാൾ അല്ലാഹുവിന്റെ കാരുണ്യം യാചിച്ചുകൊണ്ടിരിക്കുന്നു; സംശയമില്ല അവന്റെ ആവശ്യം നിറവേറ്റപ്പെടുന്നതാണ്. എന്നാൽ അവൻ ഇഅ്തിക്കാഫിന്റെ എല്ലാ വ്യവസ്ഥകളും പാലിക്കേണ്ടതാണ്; അവന്റെ ഉദ്ദേശ്യം ആദരണീയമായിരിക്കണം, അവനത് ചെയ്യേണ്ടത് നിഷ്കളങ്ക ഹൃദയത്തോടെയായിരിക്കണം. ജനങ്ങളുടെ കയ്യടി നേടാനും മഹത്വം കാണിക്കാനുമാകരുത്.

റമദാനിൽ ഇഅ്തിക്കാഫ് ഇരിക്കുന്നതിന്റെ പ്രയോജനങ്ങൾ വളരെ വലുതാണ്. **ഇഅ്തിക്കാഫിന്റെ പ്രധാന പ്രയോജനം, അനുഗ്രഹീത രാത്രിയായ ലൈലത്തുൽ ഖദ്റിന്റെ പ്രതിഫലാന്വേഷണം തന്നെ ! ദൈവീകാനുഗ്രഹങ്ങളാൽ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായത് !**

**അല്ലാഹു (ത) യോട് നാം ചോദിക്കുവാൻ ആഗ്രഹിക്കുന്ന സമസ്തകാര്യങ്ങളുടെയും ഒരു പട്ടിക തന്നെ തയ്യാറാക്കുക, അതിന് പറ്റിയ മാസം റമദാൻ തന്നെയാണ്. നാം ഇത്വരെ ചോദിച്ചിട്ടില്ലാത്ത കാര്യങ്ങൾ ചോദിക്കുവാനുള്ള സുവർണ്ണാവസരമാണിത്. അതിനായി നാം കുതിച്ചുചാടുക. അത് നമുക്ക് വേണ്ടിയുള്ളതാകാം, നമ്മുടെ കുടുംബത്തിന് വേണ്ടിയാകാം, നമ്മുടെ സ്നേഹിതന്മാർക്ക് വേണ്ടിയാകാം, നമ്മുടെ സമുദായത്തിനുവേണ്ടിയാകാം. അഥവാ ലോകത്തിന് വേണ്ടിയാകാം, ഈ ലോകം വിട്ടുപോയ വിശ്വാസികൾക്ക് വേണ്ടിയാകാം. ആയതിനാൽ നമുക്ക് കഴിയുന്നിടത്തോളാം ദു ആ ചെയ്യാം; ഈ അനുഗ്രഹീത മാസത്തിൽ ! റമദാന് ശേഷവും ഈ നല്ല പ്രവർത്തി നമുക്ക് തുടരാം. നമ്മുടെ പ്രാർത്ഥനയും നല്ല പ്രവർത്തിയും അല്ലാഹു (ത) സ്വീകരിക്കട്ടെ ! റമദാനിന്റെ മുഴുവൻ അനുഗ്രഹങ്ങളും അവൻ നമുക്ക് പ്രദാനം ചെയ്യട്ടെ ! നമ്മുടെ ജീവിത കാലത്തെ ലൈലത്തുൽ ഖദ്ർകൊണ്ട് അവൻ നമ്മെ ധന്യരാകട്ടെ ! അവന്റെ അനന്തമായ അനുഗ്രഹ വർഷങ്ങളാൽ! വിശിഷ്യാ ഈ നൂറ്റാണ്ടിൽ അവന്റെ മഹത്തായ അനുഗൃഹം അവന്റെ ദൂതനെ റൂഹുൽ ഖുദ്സുമായി നിയോഗിച്ചതിലൂടെയാണ് എന്നറിയണം. ലോകത്തെ പൊതുവിലും മുസ്ലീംകളെ പ്രത്യേകിച്ചും ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക് കൊണ്ടുവരുവാൻ ! ഇൻശാ അല്ലാഹ് ! ആമീൻ.**


<u>**Issued By**</u>

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 9495207982 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*****************